2026
MAY
22
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# യാത്രക്കാർ ജാഗ്രത പാലിക്കണം; സുരക്ഷ ശക്തിപ്പെടുത്താൻ റെയിൽവേ



**ന്യൂഡൽഹി:** കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഉണ്ടായ ചില തീപിടുത്തങ്ങൾ ഉൾപ്പെടെയുള്ള വിവിധ സംഭവങ്ങളുടെ പ്രാഥമിക അന്വേഷണത്തിൽ സാമൂഹിക വിരുദ്ധരുടെ പങ്കാളിത്തം കണ്ടെത്തിയതായി റെയിൽവേ മന്ത്രാലയം വ്യക്തമാക്കി. റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ റെയിൽ ഭവനിൽ നടന്ന ഉന്നതതല സുരക്ഷാ അവലോകന യോഗത്തിലാണ് ഇത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയത്. യോഗത്തിൽ റെയിൽവേ സഹമന്ത്രിമാരായ വി. സോമണ്ണ, രവ്നീത് സിംഗ് ബിട്ടു, റെയിൽവേ ബോർഡ് ചെയർമാൻ എന്നിവരും പങ്കെടുത്തു.

രാജ്യത്തുടനീളമുള്ള ഫീൽഡ് ഓഫീസർമാരുമായി റയിൽവേ മന്ത്രാലയം വിശദമായ ചർച്ചകൾ നടത്തി. ഇന്ത്യൻ റെയിൽവേ ഈ സംഭവങ്ങളെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ആർപിഎഫ് ഈ കേസുകൾ സജീവമായി അന്വേഷിച്ചുവരികയുമാണ്. പല കേസുകളിലും റെയിൽവേയുടെ സമയബന്ധിതവും സജീവവുമായ ഇടപെടൽ മൂലം വൻ അപകടങ്ങൾ ഒഴിവാക്കാൻ സാധിച്ചു. ഇന്റലിജൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവരങ്ങൾ വേഗത്തിൽ വിശകലനം ചെയ്യാൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും പുറമെ, യാത്രയ്ക്കിടയിലും സ്റ്റേഷൻ പരിസരങ്ങളിൽ കാത്തിരിക്കുമ്പോഴും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ശ്രമങ്ങളിൽ സജീവമായി പങ്കാളികളാകാൻ റെയിൽവേ യാത്രക്കാരെ കൂടുതൽ പ്രോത്സാഹിപ്പിക്കും. യാത്രയിലുടനീളം അതീവ ജാഗ്രത പാലിക്കാൻ യാത്രക്കാരോട് റെയിൽവേ അഭ്യർത്ഥിച്ചു. റെയിൽവേ പരിസരത്ത് സംശയാസ്പദമായ എന്തെങ്കിലും പ്രവർത്തനങ്ങളോ വ്യക്തികളെയോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ 139 എന്ന റെയിൽവേ ഹെൽപ്പ് ലൈൻ നമ്പറിൽ വിവരമറിയിക്കേണ്ടതാണ്.

ട്രെയിനുകൾ, യാത്രക്കാർ, സ്റ്റേഷൻ പരിസരങ്ങൾ, വിപുലമായ റെയിൽ ശൃംഖല എന്നിവയുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി റെയിൽവേ എഐ (AI), ഡ്രോണുകൾ, സിസിടിവി തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. റെയിൽവേ സുരക്ഷ സേനയുടെ (RPF) ബീറ്റ് തലത്തിലുള്ള ഇന്റലിജൻസ് വിവരശേഖരണ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് മിഷൻ മോഡിലാണ് ഇത് നടപ്പിലാക്കുന്നത്. മെച്ചപ്പെട്ട റിപ്പോർട്ടിംഗ് സംവിധാനത്തിലൂടെ ഫീൽഡ് തലത്തിൽ നിന്നുള്ള ഇന്റലിജൻസ് വിവരശേഖരണം ശക്തിപ്പെടുത്തുന്നതിലൂന്നിയായിരുന്നു സുരക്ഷാ അവലോകന യോഗത്തിലെ ചർച്ചകൾ. സാങ്കേതികവിദ്യാധിഷ്ഠിത സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുക, റെയിൽവേ ശൃംഖലയിലുടനീളം സിസിടിവി വിന്യാസം വ്യാപിപ്പിക്കുക, റെയിൽവേ ബോർഡ് ആസ്ഥാനവും ഫീൽഡ് മേഖലകളും തമ്മിലുള്ള പ്രവർത്തന സുരക്ഷാ ഏകോപനം മെച്ചപ്പെടുത്തുക എന്നിവയ്ക്കും ഊന്നൽ നൽകി. സൈബർ സുരക്ഷ ശക്തിപ്പെടുത്തൽ, ക്യാമറകളുടെ ഗുണനിലവാരം ഉയർത്തൽ, എഐ അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയും യോഗത്തിൽ ചർച്ചയായി. കൂടാതെ, റെയിൽവേ ശൃംഖലയിലുടനീളം കൂടുതൽ ഫലപ്രദമായ സുരക്ഷാ പരിപാലനത്തിനായി ആർപിഎഫും (RPF) ഗവൺമെന്റ് റെയിൽവേ പോലീസും (GRP) തമ്മിൽ വിവരങ്ങൾ പങ്കുവെക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ട് ഏകോപനം ശക്തിപ്പെടുത്തുന്നതിനും യോഗം തീരുമാനിച്ചു.

# റെക്കോഡ് വിൽപ്പനയിൽ വിഷു ബമ്പർ ഭാഗ്യക്കുറി; നറുക്കെടുപ്പ് 23ന്

**തിരുവനന്തപുരം:** കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിഷു ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾക്കും വിൽപ്പനയിൽ റെക്കോഡ്.

44 ലക്ഷത്തിലേറെ (44,61,670) ടിക്കറ്റുകളാണ് 23ന് നറുക്കെടുപ്പ് നടക്കാനിരിക്കെ ഇതിനകം വിറ്റുതീർന്നത്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വിൽപ്പന. 11,55,210 എണ്ണം. ആകെ 45 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചത്. കഴിഞ്ഞ വർഷം 42,87,350 എണ്ണം വിഷു ബമ്പർ ടിക്കറ്റുകൾ ആയിരുന്നു വിറ്റത്. വിഷു ബമ്പർ നറുക്കെടുപ്പ് 23 ന് ഉച്ചയ്ക്ക് രണ്ടിന് തിരുവനന്തപുരം ഗോർഖി ഭവനിലെ നറുക്കെടുപ്പ് വേദിയിൽ നടക്കും. പന്ത്രണ്ട് കോടി രൂപയാണ് ഒന്നാം സമ്മാനം ലഭിക്കുക. ഒന്നാം സമ്മാനം നേടുന്ന അതേ അക്കം വരുന്ന മറ്റ് അഞ്ച് പരമ്പരകൾക്ക് ഒരു ലക്ഷം രൂപയുടെ സമാശ്വാസ സമ്മാനവും ലഭിക്കും. രണ്ടാം സമ്മാനം ഒരു കോടി രൂപ വീതം ആറ് പരമ്പരകൾക്ക് ലഭിക്കും. മൂന്നാം സമ്മാനമായി 10 ലക്ഷം രൂപ വീതം ആറ് പരമ്പരകൾക്കും നാലാം സമ്മാനമായി അഞ്ച് ലക്ഷം രൂപ വിതം ആറ് പരമ്പരകൾക്കും ലഭിക്കും.

കൂടാതെ 5000, 2000, 1000, 500, 300 വീതം രൂപ സമ്മാനങ്ങളും വിഷു ബമ്പർ ഭാഗ്യക്കുറിയിലൂടെ ലഭിക്കുന്നു. 300 രൂപയാണ് ഓരോ ടിക്കറ്റിന്റെയും വില.

# ഇന്ത്യൻ സൈനികർക്ക് കൊറിയയുടെ ആദരം; സിയോളിൽ ഇന്ത്യൻ യുദ്ധസ്മാരകം സമർപ്പിച്ചു




**ന്യൂഡൽഹി:** സീയോളിൽ നിർമ്മിച്ച ഇന്ത്യൻ യുദ്ധസ്മാരകം ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും റിപ്പബ്ലിക് ഓഫ് കൊറിയയുടെ ദേശസ്നേഹിപൂർവ്വ സൈനിക കാര്യ വകുപ്പ് മന്ത്രി ക്വോൺ ഒയൂളും സംയുക്തമായി ഉദ്ഘാടനം ചെയ്തു. കൊറിയൻ യുദ്ധത്തിന്റെ 75ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച അനുസ്മരണ പരിപാടികളുടെ ഭാഗമായാണ് ഈ സ്മാരകം നിർമ്മിച്ചിരിക്കുന്നത്. കൊറിയൻ യുദ്ധകാലത്ത് ലഫ്റ്റനന്റ് കേണൽ (ഡോ.) എ.ജി. രംഗരാജിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ആർമിയുടെ 60 പാരാ ഫീൽഡ് ആംബുലൻസ് വിഭാഗവും കസ്റ്റോഡിയൻ ഫോഴ്സ് ഓഫ് ഇന്ത്യയും (CFI) കാഴ്ചവെച്ച സമാനതകളില്ലാത്ത ധീരതയ്ക്കും ത്യാഗത്തിനും മാനുഷിക സേവനങ്ങൾക്കുമുള്ള ആദരമായാണ് ഈ യുദ്ധസ്മാരകം നിലകൊള്ളുന്നത്. സ്മാരകത്തിൽ ധീരരായ ഇന്ത്യൻ സൈനികർക്ക് ഇരുമന്ത്രിമാരും ശ്രദ്ധാഞ്ജലി അർപ്പിച്ചു. കൊറിയൻ ഉപദ്വീപിൽ സമാധാനത്തിനും മാനുഷിക സഹായത്തിനും ഇന്ത്യ നൽകിയ സംഭാവനയുടെ ശാശ്വത പാരമ്പര്യത്തെ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. ഇന്ത്യ-റിപ്പബ്ലിക് ഓഫ് കൊറിയ പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തത്തിന് ശക്തമായ അടിത്തറയായി ഇരു രാജ്യങ്ങളുടെയും പങ്കിട്ട ചരിത്രവും ത്യാഗങ്ങളും ഇപ്പോഴും വർത്തിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സ്മാരകം സ്ഥാപിക്കുന്നതിൽ വിലപ്പെട്ട പിന്തുണയ്ക്കും സഹകരണത്തിനും കൊറിയൻ റിപ്പബ്ലിക് ഗവൺമെന്റിന്, പ്രത്യേകിച്ച് ദേശസ്നേഹിപൂർവസൈനിക കാര്യ മന്ത്രാലയത്തിന്, ഇന്ത്യൻ ഗവൺമെന്റിന്റെ പേരിൽ അദ്ദേഹം നന്ദി അറിയിച്ചു. കൊറിയൻ യുദ്ധകാലത്ത് ഇന്ത്യ നൽകിയ വിലയേറിയ സംഭാവനകൾക്കും മാനുഷിക സേവനങ്ങൾക്കും റിപ്പബ്ലിക് ഓഫ് കൊറിയ നന്ദി രേഖപ്പെടുത്തി. ഇന്ത്യൻ സൈനികരുടെ ത്യാഗങ്ങളിലൂടെയും നിസ്തുലമായ സേവനങ്ങളിലൂടെയും ഇരുരാജ്യങ്ങളും തമ്മിൽ കെട്ടിപ്പടുത്ത സൗഹൃദബന്ധം എന്നും നിലനിൽക്കുമെന്ന് ദക്ഷിണ കൊറിയൻ മന്ത്രി വ്യക്തമാക്കി. കൊറിയൻ യുദ്ധത്തിലെ പൂർവ്വ സൈനികരെ ആദരിക്കുന്നതിനും പരസ്പര ബന്ധം ശക്തിപ്പെടുത്തുന്നതിനുമുള്ള സഹകരണം ലക്ഷ്യമിട്ടുള്ള ധാരണാപത്രത്തിൽ ഇരു മന്ത്രിമാരും ഒപ്പുവച്ചു. ഇതോടൊപ്പം, യുദ്ധത്തിൽ പങ്കെടുത്ത സൈനികരുടെ സ്വാർത്ഥരഹിതമായ ത്യാഗത്തിന്റെ ഓർമ്മകൾ പുതുക്കുന്ന പ്രത്യേക സ്മരണികയും ചടങ്ങിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ ഇരു രാജ്യങ്ങളിലെയും മുതിർന്ന ഉദ്യോഗസ്ഥർ, സൈനിക പ്രതിനിധികൾ, സൈനികർ, നയതന്ത്ര സമൂഹത്തിലെ അംഗങ്ങൾ, വിശിഷ്ടാതിഥികൾ എന്നിവർ പങ്കെടുത്തു. ലഫ്റ്റനന്റ് കേണൽ (ഡോ.) എ.ജി. രംഗരാജിന്റെ അനന്തരവൾ കൽപന പ്രസാദും ചടങ്ങിൽ പങ്കെടുത്തു. കേണൽ രംഗരാജിനോടുള്ള ആദരസൂചകമായി ദക്ഷിണ കൊറിയയുടെ ദേശസ്നേഹിപൂർവ്വ സൈനിക കാര്യ മന്ത്രാലയം ഈ മാസം അദ്ദേഹത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **കലാമണ്ഡലം പെർപോമൻസ് ആൻഡ് ഔട്റിച്ച് സെന്റർ :** കലാമണ്ഡലത്തിന്റെ മാസ്റ്റർ ക്ലാസ് പരമ്പരയുടെ ഭാഗമായി നർത്തകി മേതിൽ ദേവികയുടെ മോഹിനിയാട്ടം ശിൽപ്പശാല. രാവിലെ 10ന്.
- **പാലാരിവട്ടം പിഒസി :** കെസിബിസി മീഡിയ കമ്മീഷൻ സംഘടിപ്പിക്കുന്ന നാടക ശിൽപ്പശാല വൈകിട്ട് 6ന്.
- **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം : മോഹിനിയാട്ടം വൈകിട്ട് 6.30ന്.**
- **വല്ലാർപാടം ബസിലിക്ക :** പെന്തക്കോസ്ത തിരുനാൾ രാവിലെ 6ന്.

## പിറവം

- **ഷട്കാലഗോവിന്ദമാരാർ കലാസമിതി :** കേരളം സംഗീത നാടക അക്കാദമി പുരസ്ക്കാരം നേടിയ നർത്തകി സിത്താര ബാലകൃഷ്ണന്റെ നേതൃത്വത്തിൽ മോഹിനിയാട്ടം ശിൽപശാല രാവിലെ 9.30ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജെ.ജി രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും.
- **മടപ്ലാതുരുത്ത് ഒതുമ്പുംകാട്ട് ഭദ്രകാളി ധർമ്മശാസ്താ ധർമ്മദൈവ ക്ഷേത്രം :** പ്രതിഷ്ഠ ദിനവും സർപ്പപൂജകളും രാവിലെ 5ന്.

# റികാപ്പ് 2026 അന്താരാഷ്ട്ര സമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** പാലക്കാട് ഐഐടി, ഐ.ഇ.ഇ.ഇ മലബാർ സബ്സെക്ഷൻ, ഐ.ഇ.ഇ.ഇ കേരള സെക്ഷൻ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന റികാപ്പ് 2026 അന്താരാഷ്ട്ര സമ്മേളനത്തിന് പാലക്കാട് ഐഐടിയിൽ ഇന്ന് തുടക്കമാകും. വിദ്യാഭ്യാസ മന്ത്രാലയം , സിനെടെക് ഓട്ടോമേഷൻ പ്രൈവറ്റ് ലിമിറ്റഡ്, കോസ്മോൾ എന്നിവയുടെ സാമ്പത്തിക സഹകരണത്തോടെ ക്യാമ്പസിൽ മെയ് 24 വരെ സംഘടിപ്പിക്കുന്ന ത്രിദിന സമ്മേളനം ലോകമെമ്പാടുമുള്ള ഗവേഷകർ, അധ്യാപകർ, വ്യവസായ വിദഗ്ധർ എന്നിവരെ ഒന്നിപ്പിക്കുന്നതിന് വേദിയാകും.

രാവിലെ 9.30 ന് അഗോര ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ ഐഐടി ഡയറക്ടറും റികാപ്പ് ജനറൽ ചെയറുമായ പ്രൊഫ. എ. ശേഷാദ്രി ശേഖർ അധ്യക്ഷനാകും. ഐ.ഇ.ഇ.ഇ റീജിയൻ 10 ഡയറക്ടർ ഇലക്ടും റികാപ്പ് 2026 ജനറൽ ചെയറുമായ ഡോ. സമീർ എസ്. എം. സമ്മേളനത്തെക്കുറിച്ച് വിശദീകരിക്കും. ഐ.ഇ.ഇ.ഇ ടി.ഇ.എം.എസ് പ്രസിഡന്റ് ഡോ. സുധീന്ദ്ര കൗശിക് 'വിജയകരമായ സംരംഭകത്വത്തിനുള്ള ഗവേഷണവും നവീകരണവും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും.

'ഇഗ്നൈറ്റ്: ഉള്ളിലെ സംരംഭകനെ ഉത്തേജിപ്പിക്കാം' എന്ന വിഷയത്തിൽ അമര രാജ ഡിസൈൻ ആൽഫ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സുരേഷ് നായർ, 'ബിയോ് ദി സിഗ്നേച്ചേഴ്സ്: സീറോഡേ മാൽവെയർ കണ്ടെത്തൽ' എന്ന വിഷയത്തിൽ ഐഐടി റൂർക്കി പ്രൊഫസർ ഡോ. പെഡ്ഡോജു സതീഷ് കുമാർ, 'മോട്ടോർ ഡ്രൈവുകൾക്കുള്ള കുറഞ്ഞ പവർ സർക്യൂട്ട് സങ്കീർണ്ണതയുള്ള മൾട്ടിലെവൽ ഇൻവെർട്ടർ ടോപ്പോളജികൾ' എന്ന വിഷയത്തിൽ ഐഐടി ഹൈദരാബാദിലെ ഡോ. ശിവകുമാർ എന്നിവരും സംസാരിക്കും. ഇലക്ട്രോണിക്സ്, കമ്യൂണിക്കേഷൻ, കമ്പ്യൂട്ടിംഗ്, ഓട്ടോമേഷൻ, പവർ സിസ്റ്റംസ് എന്നീ മേഖലകളിലെ പുതുമകൾ ഉൾപ്പെടുത്തി എട്ട് സമാന്തര സെഷനുകളിലായി അവതരണങ്ങളും ഇന്ന് സരസ്വതി ബ്ലോക്കിൽ നടക്കും. മെയ് 23 ന് സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ആർ ആന്റ് ഡി സംഘടനകളിൽ നിന്നുമായി 500 ഓളം പ്രതിനിധികൾ മൂന്ന് ദിവസങ്ങളിലായി സമ്മേളനത്തിൽ പങ്കെടുക്കും.

# താത്ക്കാലിക നിയമനം

**കോലഞ്ചേരി:** കടയിരുപ്പ് ഗവ. എൽ.പി സ്കൂളിൽപ്രൈമറി വിഭാഗത്തിൽ എൽ.പി.എസ്.ടി അദ്ധ്യാപക ഒഴിവിലേയ്ക്ക് താത്ക്കാലിക നിയമനം നടത്തുന്നു.
യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി 29 ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ എത്തണം.

ഷൂട്ട്@സൈറ്റ്



**പിറന്നാൾ 'ദൃശ്യം' ...........** *ദൃശ്യം 3 സിനിമയുടെ റിലീസ് ഷോയ്ക്ക് ശേഷം എറണാകുളം കവിതാ തീയറ്ററിൽ നടന്ന പിറന്നാൾ ആഘോഷത്തിൽ ചലച്ചിത്രതാരം മോഹൻലാൽ കേക്ക് മുറിയിക്കുന്നു. നിർമ്മാതാവ് ആന്റണി പെരുമ്പാവൂർ, നടൻ ഇർഷാദ്,നടി മീന തുടങ്ങിയവർ സമീപം.*

*ഫോട്ടോ– എ. എസ് സതീഷ്*

# അപൂർവ്വ ശസ്ത്രക്രിയയിലൂടെ വീട്ടമ്മയുടെ തൈറോയിഡ് ഗ്രന്ഥിയിലെ മുഴ നീക്കം ചെയ്തു



*എറണാകുളം കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ തൈറോയിഡിലെ മുഴ ലാപ്രോസ്കോപ്പിക്ക് ആന്റ് ജനറൽ സർജൻ ഡോ. ഷഹിം ഷാനവാസിന്റെ നേതൃത്വത്തിൽ എൻഡോസ്കോപ്പിക്ക് തൈറോഡെക്ടമി വഴി നീക്കം ചെയ്യുന്നു*

**കൊച്ചി:** അപൂർവ്വ ശസ്ത്രക്രിയ വഴി 54 വയസുള്ള വീട്ടമ്മയുടെ തൈറോയിഡ് ഗ്രന്ഥിയിലെ മുഴ നീക്കം ചെയ്തു. ഫോർട്ട് കൊച്ചി സ്വദേശിനിയായ ഷക്കീല (54)യുടെ തൈറോയിഡിലെ ഏകദേശം നാല് മുതൽ അഞ്ച് സെന്റീമീറ്ററിലധികം വലുപ്പമുള്ള മുഴയാണ് എറണാകുളം കച്ചേരിപ്പടിയിലെ ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ ലാപ്രോസ്കോപ്പിക്ക് ആന്റ് ജനറൽ സർജൻ ഡോ. ഷഹിം ഷാനവാസിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം മിനിമൽ അക്സസ് സർജറിയിലെ എൻഡോസ്കോപ്പിക്ക് തൈറോഡെക്ടമി വഴി നീക്കം ചെയ്തത്. തൈറോയിഡിലെ മുഴയെ തുടർന്ന് ശാരീരിക അസ്വസ്ഥതയുമായിട്ടാണ് ഷക്കീല ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ എത്തുന്നത്. തുടർന്ന് ഡോ. ഷഹീം ഷാനവാസിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ശസ്ത്രക്രിയ അല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് കണ്ടെത്തി. കഴുത്തിൽ വലിയ മുറിവ് ഇട്ട് തൈറോയിഡിലെ മുഴ നീക്കം ചെയ്യുന്നത് പ്രായോഗികമല്ലെന്ന് വ്യക്തമായതോടെയാണ് അപൂർവ്വ ശസ്ത്രക്രിയയായ എൻഡോസ്കോപ്പിക്ക് തൈറോഡെക്ടമി വഴി മുഴ നീക്കം ചെയ്യാൻ തീരുമാനിച്ചത്. തുടർന്ന് മൂന്ന് മണിക്കൂറോളം നീണ്ടു നിന്ന ശസ്ത്രക്രിയവഴി ഷക്കീലയുടെ തൈറോയിഡ് ഗ്രന്ഥിയിലെ മുഴ പുറത്തെടുത്തു. അനസ്തേഷ്യ ഡോക്ടർമാരായ ഡോ. ആര്യ, ഡോ. ഷെഡിൻ എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി. മൂന്ന് ദിവസത്തെ ആശുപത്രി വാസത്തിനു ശേഷം ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത ഷക്കീല ഇപ്പോൾ പൂർണ്ണമായും സുഖം പ്രാപിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങിക്കഴിഞ്ഞു. സാധാരണ വലിയ മുറിവ് സൃഷ്ടിച്ച് മുഴ നീക്കം ചെയ്യുന്നതിന് പകരം ചെറിയ സുഷിരങ്ങൾ വഴി തൈറോയിഡിലെ മുഴ പുറത്തെടുക്കുന്നതാണ് എൻഡോസ്കോപ്പിക് തൈറോഡെക്ടമി സർജറി. മറ്റു ശസ്ത്രക്രിയകളിൽ നിന്നും വ്യത്യസ്തമായി കഴുത്തിൽ പുറമേ സ്റ്റിച്ചുകളോ പാടുകളോ ഒന്നും ഉണ്ടാകുന്നില്ല എന്നു മാത്രമല്ല രോഗിക്ക് അതിവേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങാനും കഴിയുമെന്നതാണ് ഈ സർജറിയുടെ പ്രത്യേകത.
കേരളത്തിൽ തന്നെ വളരെ അപൂർവ്വമായിട്ടാണ് എൻഡോസ്കോപ്പിക് തൈറോഡെക്ടമി നടത്തുന്നതെന്നും ഡോ. ഷഹിം ഷാനവാസ് പറഞ്ഞു. എൻഡോസ്കോപ്പിക്ക് തൈറോഡെക്ടമി വഴി തൈറോയിഡിലെ മുഴ വിജയകരമായി നീക്കം ചെയ്യാൻ നേതൃത്വം നൽകിയ ഡോ. ഷഹിം ഷാനവാസിന്റെ നേതൃത്വത്തിലുള്ള സംഘത്തെ അഭിനന്ദിക്കുന്നതായി ആശുപത്രി ബോർഡ് പ്രസിഡന്റ് രത്നാകര ഷേണായി, ജനറൽ സെക്രട്ടറി മനോഹർ പ്രഭു എന്നിവർ പറഞ്ഞു.

# കാലവർഷം പടിവാതിൽക്കൽ; അടിയന്തര സാഹചര്യം നേരിടാൻ എൻ.ഡി.ആർ.എഫ് സംഘം ജില്ലയിലെത്തി

**കൊച്ചി:** സംസ്ഥാനത്ത് മെയ് 26-ഓടെ കാലവർഷം എത്തുമെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനത്തിന് പിന്നാലെ, അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ദേശീയ ദുരന്ത നിവാരണ സേന (എൻ.ഡി.ആർ.എഫ്.) ജില്ലയിലെത്തി.

ചെന്നൈ അറക്കോണം ആസ്ഥാനമായുള്ള എൻ.ഡി.ആർ.എഫിന്റെ നാലാം ബറ്റാലിയനിലെ 33 അംഗ സംഘമാണ് ജില്ലയിലെത്തിയത്. ഇൻസ്പെക്ടർ എക്സിക്യൂട്ടീവ് അരുൺ കുമാർ ചൗഹാന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ മൂന്ന് പേർ വനിതകളാണ്.

കാക്കനാട് കളക്ടറേറ്റിലെത്തിയ സേനാംഗങ്ങൾ ജില്ലാ കളക്ടർ ജി. പ്രിയങ്കയുമായി കൂടിക്കാഴ്ച നടത്തി. ജില്ലയിലെ പ്രകൃതിദുരന്ത സാധ്യതകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുൻകൂട്ടി മാപ്പ് ചെയ്തിട്ടുള്ള വെള്ളപ്പൊക്ക, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ എൻ.ഡി.ആർ.എഫ്. സംഘം നേരിട്ട് സന്ദർശിച്ച് അവിടുത്തെ ഭൂമിശാസ്ത്രപരമായ സ്ഥിതിഗതികൾ കൃത്യമായി മനസ്സിലാക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. അതിനുശേഷം ജില്ലയിലെ വിവിധ ജനവിഭാഗങ്ങൾക്കായി ബോധവത്കരണ പരിപാടികളും അടിയന്തര രക്ഷാപ്രവർത്തനത്തിനുള്ള പ്രത്യേക പരിശീലനങ്ങളും സംഘടിപ്പിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

കാക്കനാട് യൂത്ത് ഹോസ്റ്റൽ, സൈനിക റെസ്റ്റ് ഹൗസ് എന്നിവിടങ്ങളിലാണ് സേനാംഗങ്ങൾക്ക് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. എറണാകുളത്തിന് പുറമേ വയനാട്, കോഴിക്കോട്, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലും എൻ.ഡി.ആർ.എഫിന്റെ ടീമുകൾ ക്യാമ്പ് ചെയ്യുന്നുണ്ട്. പ്രകൃതിദുരന്തങ്ങളോ മനുഷ്യനിർമ്മിത ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്താനും, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും വേണ്ടി 2006-ൽ രൂപീകരിച്ച പ്രത്യേക സേനയാണ് എൻ.ഡി.ആർ.എഫ്. കഴിഞ്ഞ 10 വർഷത്തിലേറെയായി കേരളത്തിൽ കാലവർഷം പോലുള്ള സമയങ്ങളിൽ മുൻകരുതലായി ഇവരുടെ സംഘങ്ങളെ വിവിധ ജില്ലകളിൽ വിന്യസിക്കാറുണ്ട്.



*എൻ ഡി ആർ എഫ് സേനാംഗങ്ങൾ കളക്ടർ ജി പ്രിയങ്കയുമായി കൂടിക്കാഴ്ച നടത്തുന്നു.*

# മഴക്കാല മുന്നൊരുക്കം: ഗതാഗത സുരക്ഷ ശക്തിപ്പെടുത്തി കൊച്ചി മെട്രോ

**കൊച്ചി:** മഴക്കാലം ആരംഭിക്കുന്ന പശ്ചാത്തലത്തിൽ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന മേഖലകളിൽ പൊതുജന സുരക്ഷയും സുഗമമായ ഗതാഗതവും ഉറപ്പാക്കുന്നതിനായി വിപുലമായ സുരക്ഷാ, ട്രാഫിക് നിയന്ത്രണ നടപടികൾ കൊച്ചി മെട്രോ ശക്തിപ്പെടുത്തി. മഴയിലും വാഹന ഗതാഗതം തടസപ്പെടാതെയും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി മെട്രോ അലൈൻമെന്റിലുടനീളം അധിക ട്രാഫിക് വാർഡൻമാരെ വിന്യസിക്കും. വാഹന ഗതാഗത നിയന്ത്രണത്തിനും കാൽനടയാത്രക്കാർക്ക് സഹായം നൽകുന്നതിനുമായിരിക്കും ഇവരുടെ സേവനം. മഴക്കാല സുരക്ഷാ ക്രമീകരണങ്ങൾ നിരന്തരം വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഉന്നതതല ആഭ്യന്തര സമിതിയും രൂപീകരിച്ചിട്ടുണ്ട്. രാത്രികാലങ്ങളിലും വെളിച്ചം കുറഞ്ഞ സാഹചര്യങ്ങളിലും കാഴ്ച ഉറപ്പാക്കാൻ ബാരിക്കേഡുകളുടെ അറ്റങ്ങളിൽ അധിക റിഫൽക്ടറുകളും റിഫൽക്ടീവ് ടേപ്പുകളും സ്ഥാപിച്ചു. ഗതാഗത സുരക്ഷ വർധിപ്പിക്കുന്നതിനായി വിവിധ ഭാഗങ്ങളിൽ ബാരിക്കേഡുകൾ പുനഃക്രമീകരിക്കുകയും വഴിത്തിരിവുകളിലും ഡൈവർഷൻ ഭാഗങ്ങളിലും വ്യക്തമായ സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിർമാണം പൂർത്തിയായ മേഖലകളിൽ ബാരിക്കേഡുകൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് ഗതാഗത തടസം കുറയ്ക്കുന്ന നടപടികളും ആരംഭിച്ചു. പൊതുജന സൗകര്യാർത്ഥം അധിക ക്രോസിംഗുകളും സജ്ജമാക്കിയിട്ടുണ്ട്. ചില ഭാഗങ്ങളിൽ ബാരിക്കേഡുകളുടെ ഉയരം കുറച്ച് വാഹനയാത്രക്കാർക്ക് കൂടുതൽ വ്യക്തമായ കാഴ്ച ഉറപ്പാക്കിയിട്ടുണ്ട്. ഇതിനൊപ്പം നിർമാണ മേഖലകളിൽ സമഗ്രമായ മഴക്കാല മുന്നൊരുക്കങ്ങൾ സ്വീകരിക്കാനും എല്ലാ കരാറുകാരർക്കും നിർദേശം നൽകിയിട്ടുണ്ട്.

വെള്ളക്കെട്ട് സാധ്യതയുള്ള താഴ്ന്ന പ്രദേശങ്ങളിൽ ഡീവാട്ടറിംഗ് സംവിധാനങ്ങൾ സജ്ജമാക്കൽ തുടങ്ങിയ നടപടികൾ ഇതിനകം ആരംഭിച്ചു. കെഎംആർഎല്ലിന്റെ പരിധിയിലുള്ള മഴവെള്ള ചാലുകളും ഡ്രെയിനുകളും സമഗ്രമായി വൃത്തിയാക്കി വെള്ളക്കെട്ടും വെള്ളപ്പൊക്കവും ഒഴിവാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. അപകട സാഹചര്യങ്ങളിൽ അടിയന്തര ഇടപെടൽ ഉറപ്പാക്കുന്നതിനായി പരിശീലനം ലഭിച്ച സുരക്ഷാ ജീവനക്കാരെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി എമർജൻസി റെസ്പോൺസ് ടീമുകളും എല്ലാ നിർമാണ കേന്ദ്രങ്ങളിലും സജ്ജമാക്കും. മഴക്കാലം അവസാനിക്കുന്നതുവരെ റോഡുകളുടെ വശങ്ങളിൽ നിർമാണ സാമഗ്രികൾ നിക്ഷേപിക്കരുതെന്ന് കരാറുകാരർക്കും അനുബന്ധ ഏജൻസികൾക്കും കർശന നിർദേശം നൽകിയിട്ടുണ്ടെന്നും കെഎംആർഎൽ അറിയിച്ചു.

# 'വാല്യു പ്ലസ്' അവതരിപ്പിച്ച് സ്റ്റാർ ഹെൽത്ത്

**കൊച്ചി:** ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡിന്റെ 20ാം വാർഷികത്തിന്റെ ഭാഗമായി കുറഞ്ഞ നിരക്കിലുള്ള പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ 'വാല്യു പ്ലസ്' കൊച്ചിയിൽ അവതരിപ്പിച്ചു. 2, 3, 4 നിര നഗരങ്ങളിലെ ഉപഭോക്താക്കളെ ലക്ഷ്യമിട്ടുള്ള ഈ പ്ലാനിൽ സാധാരണയേക്കാൾ 20 ശതമാനത്തോളം കുറഞ്ഞ നിരക്കിലാണ് പ്രീമിയം ഈടാക്കുന്നതെന്ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് എംഡിയും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.'വാല്യു പ്ലസ്'ലൂടെ 7.5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഒരേപോലെ ഈ പ്ലാൻ തിരഞ്ഞെടുക്കാം. 18 വയസ്സിന് മുകളിലുള്ളവർക്കും 91 ദിവസം മുതൽ 25 വയസ്സുവരെയുള്ള ആശ്രിതർക്കും ഈ പോളിസിയിൽ ചേരാം.

രാജ്യത്തുടനീളമുള്ള 11,000ലധികം വരുന്ന ആശുപത്രികളുടെ വിപുലമായ ശൃംഖല വഴിയാണ് ഈ സേവനം ലഭ്യമാക്കുന്നത്. കൊച്ചിയിലുള്ള കമ്പനിയുടെ 15 നെറ്റ് വർക്ക് ആശുപത്രികളിൽ 11 എണ്ണവും 'വാല്യു പ്ലസ്' ശൃംഖലയിൽ ഉൾപ്പെടുന്നവയാണ്.പോളിസി എടുത്ത് തുടർച്ചയായ 5 വർഷം ക്ലെയിമുകൾ ഒന്നും എടുത്തിട്ടില്ലെങ്കിൽ ആദ്യ വർഷത്തെ അടിസ്ഥാന പ്രീമിയം പൂർണ്ണമായും ഉപഭോക്താവിന് തിരികെ ലഭിക്കും. 1, 2, 3 വർഷത്തെ കാലാവധികളിലും പ്ലാൻ ലഭ്യമാണ്. ദീർഘകാല പോളിസികൾ തിരഞ്ഞെടുക്കുന്നവർക്ക് രണ്ടാം വർഷം 10 ശതമാനവും മൂന്നാം വർഷം 12.3 ശതമാനവും പ്രീമിയത്തിൽ ഇളവ് ലഭിക്കും. ക്ലെയിം ഇല്ലാത്ത ഓരോ വർഷവും ഇൻഷുറൻസ് തുകയുടെ 50 ശതമാനം വർദ്ധനവ് (പരമാവധി 100 ശതമാനം വരെ) ലഭിക്കുന്നു. തുടർച്ചയായ 7 വർഷം ക്ലെയിം ഇല്ലാത്തവരാണെങ്കിൽ അടിസ്ഥാന ഇൻഷുറൻസ് തുകയുടെ 100 ശതമാനം അധികമായി ലഭിക്കുമെന്നും ആനന്ദ് റോയ് പറഞ്ഞു.

# ലൈസസൻസ് നടപടികൾ വേഗത്തിലാക്കണം; മുഖ്യമന്ത്രിക്ക് നിവേദനം നൽകി സിക്കി കേരള

**കൊച്ചി:** പുതിയതായി അധികാരമേറ്റ മുഖ്യമന്ത്രി വി.ഡി. സതീശന് നിവേദനം സമർപ്പിച്ച് സതേൺ ഇന്ത്യ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ടറി (എസ്ഐസിസിഐ) കേരള. പുതിയ ബിസിനസുകൾ തുടങ്ങുന്നതിനും അതിനുള്ള ലൈസൻസുകൾ നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സർക്കാർ കൂടുതൽ വേഗത്തിലാക്കണം. ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ടൂറിസം ബിസിനസുകൾ എന്നിവയ്ക്ക് സവിശേഷ പിന്തുണ നൽകണം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പരിസ്ഥിതി സൗഹൃദമായ ശുദ്ധ ഊർജം, കൃഷിയിലെ പുതിയ സാങ്കേതികവിദ്യകൾ (അഗ്രിടെക്), ആരോഗ്യ മേഖലയിലെ നവീകരണം എന്നിവയിൽ ശ്രദ്ധിച്ചാൽ കേരളം രാജ്യത്തിന് തന്നെ മാതൃകയാകാൻ കഴിയുമെന്ന് സിക്കി കേരള ഭാരവാഹികൾ നിവേദനത്തിൽ ചൂണ്ടിക്കാട്ടി. വികസനങ്ങൾ യാഥാർത്ഥ്യമാക്കാൻ വ്യവസായ മേഖലകളെ ബന്ധിപ്പിക്കുന്ന കോറിഡോറുകൾ, തുറമുഖ വികസനം, യുവാക്കൾക്കുള്ള തൊഴിൽ നൈപുണ്യ പരിശീലനം എന്നിവയിൽ കൂടുതൽ നിക്ഷേപം വരണമെന്നും സിക്കി കേരള മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു.

ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ കൂട്ടായ്മകളെ ഉപയോഗപ്പെടുത്തി കൂടുതൽ പണവും ബിസിനസ് പങ്കാളിത്തങ്ങളും കേരളത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കണം. സർക്കാരും വ്യവസായ മേഖലയിലുള്ളവരും തമ്മിൽ എപ്പോഴും നല്ല ആശയവിനിമയം ഉണ്ടാകുന്നത് പുതിയ നിക്ഷേപകർക്ക് വലിയ ആത്മവിശ്വാസം നൽകും. സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്കും പുതിയ സംരംഭങ്ങൾ വളർന്നുവരുന്നതിനും സർക്കാരുമായി കൈകോർത്ത് പ്രവർത്തിക്കാൻ സിക്കി കേരള പൂർണ്ണമായും സന്നദ്ധമാണെന്ന് സിക്കി കേരള ചെയർമാൻ ഡോ. തോമസ് പൗലോസ് നെച്ചുപ്പാടം പറഞ്ഞു.

കേരളത്തിന്റെ മികച്ച വിദ്യാഭ്യാസമുള്ള ജനശക്തിയും ഡിജിറ്റൽ മേഖലയിലെ പുരോഗതിയും ടൂറിസം, ആരോഗ്യം, മൽസ്യബന്ധനം തുടങ്ങിയ മേഖലകളിലെ സാധ്യതകളും ഉപയോഗപ്പെടുത്തിയാൽ സംസ്ഥാനത്തെ രാജ്യത്തെ മുൻനിര വിജ്ഞാന സമ്പദ്വ്യവസ്ഥയാക്കി മാറ്റാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# മിനി കൂപ്പർ എസ് ജിപി ഇൻസ്പയേർഡ് എഡിഷൻ ഇന്ത്യയിൽ അവതരിപ്പിച്ചു



**കൊച്ചി:** ജർമൻ ലക്ഷ്വറി കാർ നിർമ്മാതാക്കളായ ബിഎംഡബ്ല്യു ഗ്രൂപ്പിന്റെ കീഴിലുള്ള മിനിയുടെ പുതിയ ലിമിറ്റഡ് എഡിഷൻ മോഡലായ 'മിനി കൂപ്പർ എസ് ജിപി ഇൻസ്പയേർഡ് എഡിഷൻ' ഇന്ത്യയിൽ അവതരിപ്പിച്ചു. സൂററ്റിൽ നടന്ന ചടങ്ങിലാണ് വാഹനം ലോഞ്ച് ചെയ്തത്. 30 യൂണിറ്റുകൾ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഈ സ്പെഷ്യൽ എഡിഷൻ കാറിന് 58,90,000 രൂപയാണ് എക്സ്ഷോറൂം വില. പൂർണ്ണമായും വിദേശത്ത് നിർമിച്ച മിനി കൂപ്പർ എസ് ജിപി ഇൻസ്പയേർഡ് എഡിഷന്റെ ബുക്കിംഗ് ആരംഭിച്ചതായി കമ്പനി അറിയിച്ചു. റേസിംഗ് ട്രാക്കുകളിൽ കരുത്ത് തെളിയിച്ച 'മിനി ജിപി'യുടെ പാരമ്പര്യവും അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളും സംയോജിപ്പിച്ചാണ് ഈ പ്രീമിയം ഹാച്ച്ബാക്ക് വിപണിയിലെത്തുന്നത്.

204 എച്ച്പി കരുത്തുള്ള ടിൻ പവർ ടർബോ പെട്രോൾ എഞ്ചിനുള്ള കാറിന് 6.6 സെക്കൻഡ് സമയത്തിനുള്ളിൽ 100 കിലോമീറ്റർ വേഗത കൈവരിക്കാനാകും. മിനി ജിപി മോഡലുകളുടെ റേസിംഗ് മികവിൽനിന്നും ഡിസൈനിൽനിന്നും പ്രചോദനമുൾക്കൊണ്ട് മിനി കൂപ്പർ എസ് ജിപി ഇൻസ്പയേർഡ് എഡിഷൻ രാജ്യത്ത് അവതരിപ്പിക്കുന്നതെന്ന് ബിഎംഡബ്ല്യു ഗ്രൂപ്പ് ഇന്ത്യ പ്രസിഡന്റും സിഇഒയുമായ ഹർദീപ് സിംഗ് ബ്രാർ പറഞ്ഞു. കമ്പനിയുടെ ചരിത്രത്തിന്റെ ഭാഗമായ ഒരു അപൂർവ മോഡൽ സ്വന്തമാക്കാനുള്ള സുവർണ്ണാവസരമാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. 30 യൂണിറ്റുകൾ മാത്രമുള്ള ഈ എക്സ്ക്ലൂസീവ് എഡിഷൻ, അതിന്റെ വേറിട്ട ഡിസൈൻ ഘടകങ്ങൾ കൊണ്ട് നിരത്തുകളിൽ തികച്ചും വ്യത്യസ്തമായ ഒരു ശൈലി അടയാളപ്പെടുത്തുമെന്നും ഹർദീപ് സിംഗ് ബ്രാർ കൂട്ടിച്ചേർത്തു.

# ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡി വിഷൻ നടത്തുന്ന തൊഴിൽ അധിഷ്ഠിത സ്കിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. ഒരു വർഷം ആറു മാസം ദൈർഘ്യമുള്ള ഈ കോഴ്സുകൾ ചെയ്യുന്നതിലൂടെ ഇന്റേൺഷിപ്പും പ്ലേസ്മെന്റ് അസിസ്റ്റൻസും ലഭിക്കുന്നതാണ്. ഫോൺ : 7994449314. കേരള മീഡിയ അക്കാദമി പി.ജി ഡിപ്ലോമ കോഴ്സുകൾ: അപേക്ഷിക്കാനുള്ള തീയതി മെയ് 27 വരെ നീട്ടി. സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് കമ്യൂണിക്കേഷൻ നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തിയതി മെയ് 27 വരെ നീട്ടി. ജേണലിസം ആന്റ് കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പബ്ലിക് റിലേഷൻസ് ആന്റ് അഡ്വർടൈസിങ്ങ് എന്നിവയാണ് കോഴ്സുകൾ. പൊതുപ്രവേശന പരീക്ഷ ജൂൺ ഒന്നിന് ഓൺലൈനായി നടക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാനവർഷ ബിരുദ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.

# ആസ്റ്റർ മെഡ്സിറ്റിയിൽ ഓറൽ ഓങ്കോളജിയിൽ അന്താരാഷ്ട്ര സമ്മേളനം



**കൊച്ചി:** ഓറൽ ഓങ്കോളജിയിൽ മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ഹെഡ് ആന്റ് നെക്ക് സർജറി ആൻഡ് ഓങ്കോളജി. 'രോഗനിർണയം മുതൽ വ്യക്തിത്വ പുനഃസ്ഥാപനം വരെയുള്ള കൃത്യത' എന്ന പ്രമേയത്തിൽ നടന്ന സമ്മേളനത്തിൽ ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള പ്രമുഖ ക്ലിനിക്കുകൾ, ഗവേഷകർ, അക്കാദമിഷ്യന്മാർ, ട്രെയിനികൾ എന്നിവർ രോഗികളെ കേന്ദ്രീകരിച്ചുള്ള ഓറൽ കാൻസർ പരിചരണത്തിലെ പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്തു. ഓറൽ കാൻസർ രോഗനിർണയം, ചികിത്സാ ആസൂത്രണം, കാൻസർ ബാധിച്ച ഭാഗം നീക്കം ചെയ്യുന്ന ശസ്ത്രക്രിയ, പുനരധിവാസം, റേഡിയോ തെറാപ്പി, പ്രിസിഷൻ ഓങ്കോളജി തുടങ്ങിയവയിലെ നൂതന വികസനങ്ങൾ പരിപാടിയിൽ പ്രദർശിപ്പിച്ചു. വെർച്വൽ സർജിക്കൽ പ്ലാനിംഗ്, കീഴ്ത്താടിയെല്ലിന്റെ ആകൃതിയും സ്ഥാനവും ശരിയാക്കാൻ വേി നടത്തുന്ന മാൻഡിബുലാർ ഓസ്റ്റിയോടോമി ശസ്ത്രക്രിയ, നൂതന ശസ്ത്രക്രിയാ മുറിവ് തുന്നൽ രീതികൾ എന്നിവയെക്കുറിച്ചുള്ള പ്രായോഗിക വർക്ക്ഷോപ്പുകളും സമ്മേളനത്തിൽ നടന്നു.

ആസ്റ്റർ മെഡ്സിറ്റി കേരള ക്ലസ്റ്റർ ഹെഡ് ആൻഡ് നെക്ക് ഓങ്കോളജി നെറ്റ്വർക്കിന്റെ സീനിയർ കൺസൾട്ടന്റും പ്രോഗ്രാം ഡയറക്ടറുമായ ഡോ. ഷോൺ ടി. ജോസഫിന്റെ നേതൃത്വത്തിലാണ് സമ്മേളനം നടന്നത്. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന പരിപാടിയിൽ രാജ്യത്തുടനീളമുള്ള ഹെഡ് ആന്റ് നെക്ക്, പ്ലാസ്റ്റിക്, റീകൺസ്ട്രക്റ്റീവ്, ഇഎൻടി, മാക്സിലോഫേഷ്യൽ, ഡെന്റൽ എന്നിവയിലെ സർജന്മാർ, മെഡിക്കൽ, സർജിക്കൽ ഓങ്കോളജിസ്റ്റുകൾ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# കോഴിക്കോട് മെഡിക്കൽ കോളേജിൽ മെഡിക്കൽ സംരംഭകത്വ വികസന കേന്ദ്രം ആരംഭിച്ചു




**കോഴിക്കോട്:** ആരോഗ്യരംഗത്തെ ഗവേഷണങ്ങൾക്കും മെഡിക്കൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കും ശക്തിയും മാർഗദർശനവും നൽകുന്ന ഐ.ഇ.ഡി.സി (ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്റർ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ദേശീയ ഓങ്കോളജി സമ്മേളനമായ അഖിലേന്ത്യാ ഓങ്കോസ്കോപ് ഓങ്കോളജി സമ്മിറ്റിന്റെ ഭാഗമായാണ് യൂണിറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നത് .കോഴിക്കോട് മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പലും ഒഫ്താൽമോളജി വിഭാഗം പ്രൊഫസറുമായ ഡോ. രഞ്ജിനി കെ. ഉദ്ഘാടനം നിർവഹിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഐഇഡിസി നോഡൽ ഓഫീസറുമായ ഡോ റോജിത് കെ ബാലകൃഷ്ണൻ, പാത്തോളജി വിഭാഗം മേധാവി ഡോ സജി ഫ്രാൻസിസ്, ഐഇഡിസി നോഡൽ ഓഫീസർമാരായ ഡോ ഷാജി എസ് നായർ; ഡോ. ട്രിനെറ്റ് കൂട്ടോ, ഓർഗനൈസിങ് സെക്രട്ടറി ഡോ. സാനു ദേവ് സദാനന്ദ്, ഐഎംഎ കേരള സെക്രട്ടറി ഡോ. റോയ് ആർ ചന്ദ്രൻ, ആദർശ് വിജയൻ, അനു മരിയ (കേരള സ്റ്റാർട്ടപ്പ് മിഷൻ) എന്നിവർ ചടങ്ങിൽ സംസാരിച്ചു. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ ഇന്നൊവേഷൻ ഹബ്ബുകളാക്കി മാറ്റുകയും അതുവഴി ആരോഗ്യരംഗത്തെ പുതുമയാർന്ന ആശയങ്ങൾക്കും സാങ്കേതിക വിദ്യ അധിഷ്ഠിതമായ മെഡിക്കൽ സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകാനും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ആരോഗ്യരംഗത്ത് നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾക്ക് വിദ്യാർത്ഥികളുടെ നവീന ആശയങ്ങളിലൂടെ പരിഹാരം കണ്ടെത്തുകയാണ് ഐ.ഇ.ഡി.സി യൂണിറ്റിന്റെ ലക്ഷ്യം. മെഡിക്കൽ കോളേജുകൾ ചികിത്സയുടെയും പഠനത്തിന്റെയും കേന്ദ്രങ്ങൾ മാത്രമല്ല, ഗവേഷണത്തിന്റെയും ഇന്നൊവേഷന്റെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെയും കേന്ദ്രങ്ങളായി മാറണമെന്ന് ഐ.ഇ.ഡി.സി നോഡൽ ഓഫീസർ ഡോ. റോജിത് കെ. ബാലകൃഷ്ണൻ പറഞ്ഞു.

# പുതിയ സ്റ്റോറേജ് പരിഹാരങ്ങൾ അവതരിപ്പിച്ച് സീഗേറ്റ് ടെക്നോളജി

**കൊച്ചി:** ഡാറ്റാ സംഭരണ രംഗത്ത് പുതിയ ചുവടുവെപ്പുമായി സീഗേറ്റ് ടെക്നോളജി. സീഗേറ്റ്, ലാസി ബ്രാൻഡുകൾക്ക് കീഴിലായി പുതിയതും നവീകരിച്ചതുമായ സ്റ്റോറേജ് ഉൽപ്പന്നങ്ങൾ കമ്പനി വിപണിയിൽ അവതരിപ്പിച്ചു. ദൈനംദിന ഉപയോഗത്തിനും എഐ അധിഷ്ഠിത ക്രിയേറ്റീവ് ജോലികൾക്കും അനുയോജ്യമായ രീതിയിലാണ് ഇവ തയ്യാറാക്കിയിരിക്കുന്നതെന്ന് സീഗേറ്റ് വൈസ് പ്രസിഡന്റ് ലാൻസ് ഒഹാര വ്യക്തമാക്കി. സീഗേറ്റ് വൺ ടച്ച് ഡെസ്ക്ടോപ്പ് ഹാർഡ്ഡ്രൈവും ലാസി 8ബിഗ് പ്രോ5 ആർഎഐഡി സ്റ്റോറേജ് സൊല്യൂഷനുമാണ് ഇതിലെ പ്രധാന ഉൽപ്പന്നങ്ങൾ. പോർട്ടബിൾ, ഡെസ്ക്ടോപ്പ് വിഭാഗങ്ങളിലായി 256 ടിബി വരെ സംഭരണശേഷി ഇതിൽ ലഭ്യമാണ്. കൂടാതെ, അധിക പവർ അഡാപ്റ്ററുകൾ ആവശ്യമില്ലാത്ത യുഎസ്ബിസി സൗകര്യവും ഇതിന്റെ പ്രത്യേകതയാണ്. ക്രിയേറ്റീവ് ജോലികൾ ചെയ്യുന്നവർക്കായി തർബോൾട്ട് 5 പിന്തുണയും, ഡാറ്റ സുരക്ഷയ്ക്കായി പ്രത്യേക ബാക്കപ്പ് സോഫ്റ്റ്വെയറുകളും റെസ്ക്യു ഡാറ്റ റിക്കവറി സർവീസും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദൈനംദിന ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത സീഗേറ്റ് വൺ ടച്ച് ഹാർഡ്ഡ്രൈവ്, 8 ടിബി, 20 ടിബി, 24 ടിബി ശേഷികളിൽ ലഭ്യമാണ്. ആമസോൺ, ഫ്ളിപ്കാർട്ട് വഴി 49,999 രൂപ വിലയിലാണ് ലഭിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ബിപിസിഎല്ലിന്റെ സംയോജിത അറ്റാദായം 25,843 കോടി പ്രവർത്തനലാഭം 45,601 കോടി രൂപ

**കൊച്ചി:** ആഗോള ഊർജ വിപണിയിലെ അനിശ്ചിതത്വങ്ങൾക്കും എണ്ണവിലയിലെ വലിയ ചാഞ്ചാട്ടങ്ങൾക്കുമിടയിലും 2025-26 സാമ്പത്തിക വർഷത്തിലും അവസാന പാദത്തിലും മികച്ച സാമ്പത്തികപ്രവർത്തന നേട്ടം കൈവരിച്ച് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ). ഈ സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ സംയോജിത അറ്റാദായത്തിൽ 93.78 ശതമാനത്തിന്റെ വൻ വർധനവാണ് രേഖപ്പെടുത്തിയത്.മുൻ വർഷത്തെ 13,337 കോടി രൂപയിൽ നിന്ന് കമ്പനിയുടെ സംയോജിത അറ്റാദായം 25,843 കോടി രൂപയായി ഉയർന്നു. ഇതേ കാലയളവിൽ കമ്പനിയുടെ തനത് അറ്റാദായത്തിലും വൻ കുതിച്ചുചാട്ടമാണുണ്ടായത്. മുൻ വർഷത്തെ 13,275 കോടി രൂപയിൽ നിന്ന് 75.54 ശതമാനം വർധനവോടെ തനത് അറ്റാദായം 23,303 കോടി രൂപയിലെത്തി.2025-26ൽ കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന എണ്ണ ശുദ്ധീകരണ തോതും വിൽപനയുമാണ് രേഖപ്പെടുത്തിയത്. റിഫൈനറികളിലെ ഉൽപ്പാദനം 117 ശതമാനം ശേഷി വിനിയോഗത്തോടെ 40.51 മില്യൺ മെട്രിക് ടണ്ണിൽ നിന്നും 41.15 മില്യൺ മെട്രിക് ടണ്ണായി ഉയർത്തി. ഇതേ കാലയളവിൽ കമ്പനിയുടെ മൊത്തം വിൽപന റെക്കോർഡ് നേട്ടമായ 55.72 മില്യൺ മെട്രിക് ടണ്ണിലെത്തി.ബിപിസിഎല്ലിന്റെ തനത് പ്രവർത്തനലാഭം 51.51 ശതമാനം വർധിച്ച് 40,582 കോടി രൂപയായി. മുൻവർഷം ഇത് 26,785 കോടി രൂപയായിരുന്നു. കമ്പനിയുടെ സംയോജിത പ്രവർത്തനലാഭവും 57.08 ശതമാനം ഉയർച്ചയോടെ 29,030 കോടി രൂപയിൽ നിന്ന് 45,601 കോടി രൂപയായി വർധിച്ചു. ഇതേ സമയം, സംയോജിത പ്രവർത്തന വരുമാനം 4.46 ശതമാനം വർധിച്ച് 5,00,517 കോടി രൂപയിൽ നിന്ന് 5,22,820 കോടി രൂപയിലെത്തി. ബിപിസിഎല്ലിന്റെ തനത് പ്രവർത്തന വരുമാനം മാത്രം 5,22,668 കോടി രൂപയാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലും (ജനുവരി-മാർച്ച്) റെക്കോർഡ് ഉൽപ്പാദന നേട്ടമാണ് കമ്പനി കൈവരിച്ചത്. ഈ കാലയളവിൽ റിഫൈനറികളുടെ ശേഷിയുടെ 118 ശതമാനം വിനിയോഗിച്ച് 10.40 മില്യൺ മെട്രിക് ടൺ എണ്ണ ശുദ്ധീകരിച്ചു. നാലാം പാദത്തിലെ ആഭ്യന്തര വിപണിയിലെ വിൽപന 3.28 ശതമാനം വളർച്ചയോടെ 13.86 മില്യൺ മെട്രിക് ടണ്ണിലുമെത്തി.മികച്ച സാമ്പത്തിക അച്ചടക്കത്തിലൂടെയും മൂലധന മാനേജ്മെന്റിലൂടെയും കടബാധ്യതകൾ ഗണ്യമായി കുറയ്ക്കാൻ ബിപിസിഎല്ലിന് സാധിച്ചു. കമ്പനിയുടെ തനത് കടംഓഹരി അനുപാതം 2025 മാർച്ച് 31ലെ 0.29ൽ നിന്ന് 2026 മാർച്ച് 31 ആയപ്പോഴേക്കും 0.11 ആയി മെച്ചപ്പെട്ടു.

# 100 എക്സ് സ്കൂളുമായി കൈകോർത്ത് മുത്തൂറ്റ്




**കൊച്ചി:** എൻജിനീയറിങ് വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് മികവിനൊപ്പം പ്രായോഗിക പരിശീലനവും ഉറപ്പാക്കാൻ 'മിറ്റ്സ് എലിവേറ്റ് @ 100എക്സ്' പ്രോഗ്രാം അവതരിപ്പിച്ച് മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് (മിറ്റ്സ് കൊച്ചി). നോയിഡ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ലേണിംഗ് സ്ഥാപനമായ 100എക്സ് സ്കൂളുമായി ചേർന്നാണ് കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്കായി ഈ പ്രത്യേക ആഡ് ഓൺ പ്രോഗ്രാം മിറ്റ്സ് കൊച്ചി അവതരിപ്പിക്കുന്നത്. ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഇരുസ്ഥാപനങ്ങളും ഒപ്പുവച്ചു. 100എക്സ് സ്കൂൾ സ്ഥാപകനും ഐ.ഐ.ടി റൂർക്കി പൂർവവിദ്യാർത്ഥിയും പ്രശസ്ത കോഡിങ് വിദഗ്ധനുമായ ഹർകിരാത് സിംഗിന്റെ മേൽനോട്ടത്തിലാണ് 100എക്സ് പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടർ സയൻസ്, എ.ഐ, സൈബർ സെക്യൂരിറ്റി, എ.ഐ ആൻഡ് ഡാറ്റാ സയൻസ് എന്നീ വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 120 വിദ്യാർത്ഥികൾക്കാണ് ഈ പ്രോഗ്രാമിൽ പ്രവേശനം ലഭിക്കുക. അക്കാദമിക് പഠനത്തിനപ്പുറം വിദ്യാർത്ഥികളെ ആഗോള തൊഴിൽ വിപണിക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മിറ്റ്സിലെ പഠനത്തോടൊപ്പം പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും വേനലവധി കാലത്ത് വിദ്യാർത്ഥികൾക്ക് നോയിഡയിലെ 100എക്സ് സ്കൂളിൽ രണ്ട് മാസം താമസിച്ച് നേരിട്ട് പരിശീലനം നേടാം. കൂടാതെ ഓരോ സെമസ്റ്ററിലും 100എക്സിലെ വിദഗ്ധരായ അധ്യാപകർ മിറ്റ്സ് ക്യാമ്പസിലെത്തി കുട്ടികൾക്ക് നേരിട്ട് മെന്ററിംഗ് നൽകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെബ് 3.0, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളിൽ വൈദഗ്ധ്യം നേടുന്നതിനൊപ്പം ഗൂഗിൾ സമ്മർ ഓഫ് കോഡ്, കോഡിങ് ഒളിമ്പ്യാഡുകൾ തുടങ്ങിയ ആഗോള കോഡിങ് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പ്രത്യേക പരിശീലനവും വിദ്യാർത്ഥികൾക്ക് ലഭിക്കും. വിദ്യാർത്ഥികളുടെ നൈപുണ്യവും യോഗ്യതയും വർധിപ്പിച്ചുകൊണ്ട് മികച്ച പാക്കേജിൽ ജോലി നേടാനും ഇത് സഹായിക്കുന്നു. രണ്ട് വിഭാഗങ്ങളിലായാണ് യോഗ്യത നിശ്ചയിച്ചിരിക്കുന്നത്. കാറ്റഗറി ഒന്നിൽ ജെ.ഇ.ഇ 92 പേഴ്സന്റൈലിന് മുകളിലോ കീം പരീക്ഷയിൽ 2500ൽ താഴെ റാങ്കോ ഉള്ളവർ. കാറ്റഗറി രണ്ടിൽ ജെ.ഇ.ഇ 85 പേഴ്സന്റൈലിന് മുകളിലോ കീം പരീക്ഷയിൽ 5000ൽ താഴെ റാങ്കോ ഉള്ളവർ.'മിറ്റ്സ് എലിവേറ്റ് @ 100എക്സ്' പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പും മുത്തൂറ്റ് ഗ്രൂപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്.

നാലാം വർഷം പൂർണ്ണമായും ഇന്റേൺഷിപ്പിനും പ്ലേസ്മെന്റ് തയ്യാറെടുപ്പുകൾക്കുമായാണ് മാറ്റിവച്ചിരിക്കുന്നത്. ഉന്നത പഠനത്തിനായി കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതിക്ക് ഇതോടെ മാറ്റമാകുമെന്നും കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മിറ്റ്സ് പുതിയൊരു ബെഞ്ച്മാർക്ക് സൃഷ്ടിക്കുകയാണെന്നും മിറ്റ്സ് കൊച്ചി പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി.സി. പറഞ്ഞു.

# ദിവസേനയുള്ള ബദാം ഉപയോഗം: ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു

**കൊച്ചി:** ദിവസവും കുറച്ച് ബദാം കഴിക്കുന്നതിലൂടെ ബുദ്ധിശേഷി, മെറ്റബോളിക് ആരോഗ്യം, അണുബാധയും ഓക്സിഡേറ്റീവ് സമ്മർദവും സംബന്ധിച്ച സൂചികകൾ എന്നിവയിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാകാമെന്ന് ജേണൽ ഓഫ് ന്യൂട്രീഷനിൽ പ്രസിദ്ധീകരിച്ച പുതിയ പഠനം. പ്രമേഹത്തിന് മുമ്പുള്ള അവസ്ഥയായ പ്രീഡയബെറ്റിസ് ബാധിച്ച മധ്യവയസ്കരായ ഏഷ്യൻ ഇന്ത്യൻ വംശജരിലാണ് പഠനം നടത്തിയത്.

ലോകമെമ്പാടുമായി 60 കോടിയിലധികം ആളുകളെ ബാധിക്കുന്ന പ്രീഡയബെറ്റിസ്, ടൈപ്പ് 2 പ്രമേഹത്തിനുള്ള സാധ്യത വർധിപ്പിക്കുകന്നതിന് പുറമേ തലച്ചോറിന്റെ പ്രവർത്തനത്തെ തകരാറിലാക്കുകയും ചെയ്യുന്നുണ്ട്. 24 ആഴ്ചത്തെ പഠനത്തിൽ, പ്രമേഹസാധ്യതയുള്ളതും എന്നാൽ ബുദ്ധിശേഷി തകർച്ചയുടെ ലക്ഷണങ്ങളൊന്നുമില്ലാത്തതുമായ 40 മുതൽ 60 വയസ് വരെ പ്രായമുള്ള 60 പേരെയാണ് ഉൾപ്പെടുത്തിയത്.

ഇവരെ ആഴ്ച്ചയിൽ രണ്ടു പ്രാവശ്യം ദൂരപരിചരണത്തിലൂടെ നിരീക്ഷിക്കുകയും നാലാഴ്ച്ച കൂടുമ്പോൾ നേരിട്ടുള്ള പരിശോധനക്ക് വിധേയരാക്കുകയും ചെയ്തു. പഠനത്തിന്റെ തുടക്കത്തിലും അവസാനത്തിലും ബുദ്ധിശേഷി, രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ്, എച്ച്ബിഎ1സി, രക്തത്തിലെ കൊഴുപ്പ് അളവ്, ശരീരഭാരം, ബിഎംഐ, അരക്കെട്ടിന്റെ ചുറ്റളവ് എന്നിവയും വിലയിരുത്തി. ഡോ. അനൂപ് മിശ്ര, ഡോ.സീമ ഗുലാത്തി എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഗവേഷണ പഠനം. 24 ആഴ്ചത്തെ തുടർച്ചയായ ബദാം ഉപയോഗത്തിന് ശേഷം തലച്ചോറിന്റെ പ്രവർത്തനക്ഷമത, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ശരീരഘടന എന്നിവയിൽ പുരോഗതി കണ്ടെത്തിയെന്ന് റിപ്പോർട്ടിൽ പറയുന്നു.

# സ്ത്രീ സംരംഭകരെ സഹായിക്കാൻ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** സംസ്ഥാനത്തെ സ്ത്രീ സംരംഭകരെ സഹായിക്കുന്നതിനായി കുറഞ്ഞ പലിശയുള്ള വായ്പകളും സാമ്പത്തിക പിന്തുണയും നൽകി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്. സ്ത്രീകൾക്ക് സ്വയം തൊഴിൽ വരുമാനമാർഗങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും ഇത് സഹായിക്കുന്നുവെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

ശരാശരി വായ്പ കുടിശ്ശികയിൽ കേരളം രണ്ടാമതാണ്. 30,584 രൂപയാണ് ശരാശരി വായ്പ കുടിശ്ശിക. സംസ്ഥാനത്ത് 18.49 ലക്ഷം വായ്പക്കാർക്കായി ഏകദേശം 9,974 കോടി രൂപയുടെ മൊത്തം വായ്പ പോർട്ട്ഫോളിയോ ആണുള്ളത്. ഈ കണക്കുകൾ കേരളത്തിലെ സാമ്പത്തിക മേഖലയിലെ മൈക്രോഫിനാൻസിന്റെ പങ്ക് വ്യക്തമാക്കുന്നു.

# എയർബിഎൻബി കൂടുതൽ സേവനങ്ങൾ ആരംഭിക്കുന്നു

**കൊച്ചി:** ഈ വർഷം നടക്കുന്ന ഫിഫ ലോകകപ്പിനുള്ള എക്സ്ക്ലൂസീവ് ആക്സസ് ഉൾപ്പടെ എയർബിഎൻബി കൂടുതൽ സേവനങ്ങൾ ആരംഭിക്കുന്നു. കാർ റെന്റൽ, പലചരക്ക് ഡെലിവറി, എയർപോർട്ട് പിക്ക് അപ്പ്, ലഗേജ് സ്റ്റോറേജ് മുതലായ സേവനങ്ങളാണ് എയർബിഎൻബി ആരംഭിക്കുന്നത്.

ഉപഭോക്താക്കളെ സഹായിക്കുന്നതിനായി എഐ അധിഷ്ഠിത ടൂളുകൾ ഉപയോഗിച്ച് എയർബിഎൻബി ആപ്പ് അപ്ഗ്രേഡ് ചെയ്യും. ഇതിന് പുറമെ, ആയിരക്കണക്കിന് ബോട്ടിക്, സ്വതന്ത്ര ഹോട്ടലുകൾ എയർബിഎൻബിയുടെ ഭാഗമാകും. ന്യൂയോർക്ക്, പാരീസ്, ലണ്ടൻ, മാഡ്രിഡ്, റോം, സിംഗപ്പൂർ എന്നിവയുൾപ്പെടെ ലോകമെമ്പാടുമുള്ള 20 സ്ഥലങ്ങളിൽ അതിഥികൾക്ക് ഹോട്ടലുകൾ കണ്ടെത്താൻ ഇതിലൂടെ സാധ്യമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

എയർബിഎൻബി സേവനങ്ങൾ, എയർബിഎൻബി എക്സ്പീരിയൻസ്, ബോട്ടിക് ഹോട്ടലുകൾ എന്നിവ തിരഞ്ഞെടുത്ത രാജ്യങ്ങളിൽ ലഭ്യമാണ്. കാർ റെന്റൽ, പുതിയ ആപ്പ് ഫീച്ചറുകൾ എന്നിവ ഈ മാസം അവസാനത്തോടെ പുറത്തിറങ്ങും.

# ഒബെൻ ഇലക്ട്രിക് കേരളത്തിൽ സാന്നിധ്യം ശക്തമാക്കുന്നു



**കൊച്ചി:** ഒബെൻ ഇലട്രിക് കേരളത്തിലെ സാന്നിധ്യം സാന്നിധ്യം ശക്തമാക്കുന്നു. 2027 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലും ഒബെൻ ഇലക്ട്രിക്കിന്റെ സാന്നിധ്യം ഉറപ്പാക്കും. ഇതിന്റെ ഭാഗമായി പത്ത് പുതിയ ഷോറൂമുകളായിരിക്കും കമ്പനി ആരംഭിക്കുകയെന്ന് ഒബെൻ ഇലക്ട്രിക് സ്ഥാപകനും സിഇഒയുമായ മധുമിത്ര അഗ്രവാൾ പറഞ്ഞു. കൊച്ചി, തിരുവനന്തപുരം, തൃശൂർ, മലപ്പുറം, പാലക്കാട്, കൊട്ടോട്ടി, ആലപ്പുഴ എന്നിവിടങ്ങളിലായി ഏഴു ഷോറൂമുകളാണ് നിലവിൽ സംസ്ഥാനത്തുള്ളത്. പുതുതായി പുറത്തിറക്കിയ ഒബെൻ റോർ ഇവോയ്ക്ക് ദേശീയ തലത്തിൽ ലഭിച്ച ശക്തമായ ഡിമാന്റിന്റെ പശ്ചാത്തലത്തിലാണ് പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനം. ഏപ്രിൽ 30ന് പുറത്തിറക്കിയ ഒബെൻ റോർ ഇവോയ്ക്ക് വെറും 15 ദിവസങ്ങൾക്കുള്ളിൽ 25,000 എന്ന റെക്കോർഡ് ബുക്കിങാണ് ലഭിച്ചത്. ഇന്ത്യയിൽ വൈദ്യുത മോട്ടോർ സൈക്കിളുകൾക്കു ലഭിച്ച ഏറ്റവും വേഗത്തിലുള്ള ഡിമാന്റ് വർധനവുകളിൽ ഒന്നാണിത്. മോട്ടോർ സൈക്കിളുകളുടെ ഡെലിവറി ജൂൺ മാസത്തിൽ ആരംഭിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. പ്രാരംഭ അവതരണ വിലയായ 99,999 രൂപയ്ക്ക് (എക്സ് ഷോറൂം വില) ഇതു സ്വന്തമാക്കാൻ വഴിയൊരുക്കുന്ന ഓൺലൈൻ പെയ്മെന്റ് പോർട്ടൽ ഇപ്പോൾ പ്രവർത്തന ക്ഷമമാണ്. കേരളത്തിലെ വിപണി വിപുലീകരണത്തിന്റെ ഭാഗമായി ഒബെൻ ഇലക്ട്രിക് തങ്ങളുടെ ഒബെൻ റോർ ഇവോ കൊച്ചിയിൽ പ്രദർശിപ്പിച്ചു. ദൈനംദിന ഉപയോഗത്തിനായി നിർമിക്കപ്പെട്ട പ്രായോഗികവും വിശ്വസനീയവുമായ ഉയർന്ന ശേഷിയുള്ള വൈദ്യുത മോട്ടോർസൈക്കിളുകളുടെ കാര്യത്തിൽ ഉപഭോക്താക്കൾ ശക്തമായ മുൻഗണന കാണിക്കുന്നതിന്റെ ഫലമായി കേരളം തങ്ങളുടെ ഏറ്റവും ശക്തമായ വിപണിയായി വളർന്നിരിക്കുകയാണെന്നും മധുമിത്ര അഗ്രവാൾ പറഞ്ഞു. ആദ്യ പതിനായിരം ഉപഭോക്താക്കൾക്ക് 99,999 രൂപയെന്ന എക്സ് ഷോറൂം വിലയും തുടർന്ന് 1,24,999 രൂപ എന്ന എക്സ് ഷോറൂം വിലയുമായിരിക്കും പുതുതായി പുറത്തിറക്കുന്ന റോർ ഇവോയ്ക്ക് ഉള്ളത്.

# എയറോറഷ് ബിഎൽഡിസി സീലിംഗ് ഫാനുകളുമായി പോളിക്യാബ്



**കൊച്ചി:** പോളിക്യാബ് ഇന്ത്യ ലിമിറ്റഡ് എയറോറഷ് ബിഎൽഡിസി സീലിംഗ് ഫാനുകൾ പുറത്തിറക്കി. പോളിക്യാബ് എയറോറഷിൽ കാര്യക്ഷമമായ വായു പ്രവാഹത്തിനും ശബ്ദരഹിതവും സുഗമവുമായ പ്രവർത്തനത്തിനുമായി എയ്റോ ഡൈനാമിക് അലുമിനിയം ബ്ലേഡുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ബിഎൽഡിസി സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനാൽ 50 ശതമാനം വരെ വൈദ്യുതി ലാഭിക്കുന്നു. അതുകൊണ്ട് ഇത് ദീർഘനേരത്തെ ഗാർഹിക ഉപയോഗത്തിന് അനുയോജ്യമാണെന്നും പോളിക്യാബ് ഇന്ത്യ ലിമിറ്റഡ് ബി2സി സിഇഒ ഇഷിൻദർ സിംഗ് ഖുറാന പറഞ്ഞു. മികച്ച ഡിസൈൻ ഭംഗി നൽകുന്നതിനായി മോട്ടോറിൽ ആകർഷകമായ അലങ്കാര റിംഗുകൾ നൽകിയിട്ടുണ്ട്. സ്വാഭാവിക വായു പ്രവാഹത്തെ അനുഭവവേദ്യമാക്കുന്ന ബ്രീസ് മോഡ്, പെട്ടെന്നുള്ള തണുപ്പിനായി ബൂസ്റ്റ് മോഡ് എന്നിവയുൾപ്പെടെ 25 സ്പീഡ് സെറ്റിംഗുകൾ ഉപഭോക്താക്കൾക്ക് മികച്ച അനുഭവം നൽകുന്നു. വിവിധ കാലാവസ്ഥകളിൽ ഉപയോഗിക്കാൻ അനുയോജ്യമായ രീതിയിൽ ഡ്യുവൽമോഡ് ഫോർവേഡ്, റിവേഴ്സ് ഓപ്പറേഷനും ഫാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അസ്റ്റൽ ഐവറി, എർത്ത് ബ്രൗൺ, ക്ലാസിക് ആഷ് ഗ്രേ എന്നിവ ഉൾപ്പെടെ എട്ട് നിറഭേദങ്ങളിലും വിവിധ സ്വീപ്പ് സൈസുകളിലും പോളിക്യാബ് എയറോറഷ് ലഭ്യമാണ്.

# ഇസൂസു മോട്ടോഴ്സ് ഇന്ത്യ ഡിമാക്സ് എസ്കാബിന് ലീസ് മാതൃക പ്രഖ്യാപിച്ചു




**കൊച്ചി:** ഇസൂസു മോട്ടോഴ്സ് ഇന്ത്യ ഡിമാക്സ് എസ്കാബ് വാഹനങ്ങൾക്കായി പുതിയ ലീസ് മാതൃക പ്രഖ്യാപിച്ചു. പ്രതിമാസം 38,999 രൂപ മുതൽ ആരംഭിക്കുന്ന ഈ പദ്ധതിയിൽ പൂജ്യം ഡൗൺ പേയ്മെന്റോടെയും ഇൻഷുറൻസ്, രജിസ്ട്രേഷൻ, അധിക സർവീസ് ചെലവുകൾ എന്നിവ ഇല്ലാതെയും ഉപഭോക്താക്കൾക്ക് വാഹനങ്ങൾ ഉപയോഗിക്കാനാകും. നാല് വർഷത്തെ നിശ്ചിത കാലയളവിലാണ് പദ്ധതി ഒരുക്കിയിരിക്കുന്നത്. പരമ്പരാഗത ധനകാര്യ മാതൃകകളുമായി താരതമ്യം ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് 1.81 ലക്ഷം രൂപ വരെ ലാഭം നേടാനാകുമെന്ന് കമ്പനി വ്യക്തമാക്കി.

ലീസ് മാതൃകയിലൂടെ ബിസിനസുകൾക്ക് അറ്റകുറ്റപ്പണി ബാധ്യതകൾ കുറയ്ക്കാനും വലിയ മൂലധന നിക്ഷേപമില്ലാതെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും വാഹനങ്ങൾ വേഗത്തിൽ വിന്യസിക്കാനും സാധിക്കുമെന്ന് കമ്പനി അറിയിച്ചു.

പുതിയ ലീസ് പ്ലാൻ അവതരിപ്പിക്കുന്നതിലൂടെ ജാപ്പനീസ് ഗുണനിലവാരത്തിനും ദീർഘായുസിനും പേരുകേട്ട ഇസൂസു വാഹനങ്ങൾ കൂടുതൽ സംരംഭകർക്ക് സാമ്പത്തിക ലാഭത്തോടെ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ഇസൂസ് മോട്ടോഴ്സ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാജേഷ് മിത്തൽ പറഞ്ഞു.

